# ലിയോ XIII എച്ച്.എസ്.എസ്
# പുല്ലുവിള



# ശലഭം



# Little Kites

ഡിജിറ്റൽ മാഗസിൻ
2023-24

# ഉള്ളടക്കം

1. എന്റെ വിദ്യാലയം -ചരിത്രവും വികാസവും ................2

2. എന്റെ ഗ്രാമം........................................................3

3. True Friendship..................................................4

4. സ്വപ്നം - കവിത.....................................................5

5. ഹൃദയനൊമ്പരം.......................................................6

6. QUOTES OF SILENCE...........................................7

# എന്റെ വിദ്യാലയം –ചരിത്രവും വികാസവും

ആയിരത്തിയെണ്ണൂറുകളുടെ അവസാനഘട്ടത്തിൽ ശ്രീ.പീറ്റർ ഡീക്കോസ്റ്റയുടെ കുടുബവകയായി ഗ്രാന്റ് ഇംഗ്ലീഷ് മീഡിയം എന്ന പേരിൽ ഒരു പ്രൈവറ്റ് സ്കൂൾ പുല്ലുവിളയിൽ പ്രവർത്തനം ആരംഭിച്ചു. ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ കാലത്ത് സ്ഥാപിതമായതിനാൽ പിൽക്കാലത്ത് ലിയോ പതിമൂന്നാമൻ യു.പി സ്കൂൾ എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ടു. ശ്രീ.പീറ്റർ ഡിക്കോസ്റ്റായുടെ നിർദ്ദേശാനുസരണം ഈ വിദ്യാലയത്തെ മാറിമാറി വരുന്ന പുല്ലുവിള വി. യാക്കോബ് ശ്ലീഹാ ദേവാലയത്തിലെ വികാരിമാർ മാനേജരാകുന്ന വ്യവസ്ഥയിൽ ബൈലേ തയ്യാറാക്കി ക്രയവിക്രയത്തിനോ മറ്റൊരു ഏജൻസിക്ക് കൈമാറാനോ പാടില്ലായെന്ന കരാറിൽ കേവലം 3500 രൂപ കൈപ്പറ്റികൊണ്ട് സ്കൂൾ ഉൾപ്പെട്ട സ്ഥാവര ജംഗമ വസ്തുക്കൾ സഹിതം ഇടവകയ്ക്ക് കൈമാറി. തുടർന്ന് ഇടവകയുടെ വികാരിയായെത്തിയ മണ്ണിന്റെ സ്വന്തം പുത്രനായ ഫ്രാൻസീസ് ബോർജിയ പീറ്റേഴ്സ് അച്ചന്റെ കാലഘട്ടം പുല്ലുവിളയുടെ വിദ്യാഭ്യാസം മേഘലയിൽ പ്രത്യേകിച്ച് സ്കൂളിന്റെ വികസനത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നു. 1964 മുതൽ 1972 വരെ വികാരിയായിരുന്ന അദ്ദേഹം യു.പി സ്കൂളിന്റെ ഹൈസ്കൂൾ ആയി ഉയർത്തിയെടുക്കുന്നതിന് അക്ഷീണം പരിശ്രമിച്ചതിന്റെ ഫലമായി 1968 –ൽ മന്ത്രിയായിരുന്ന ശ്രീ വെല്ലിംഗ്ടൻ ലിയോ തേർട്ടീന്ത് യൂ. പി എസ്സിന്റെ ഹൈസ്കൂളാക്കി ഉത്തരവിടുകയും ചെയ്തു. പ്രഥമ ഹെഡ്മാസ്റ്ററായി റവ .ഫാ മോസസ് പെരേരയെ നിയമിച്ചു ഈ വിദ്യാലയത്തിന്റെ സ്റ്റേടിയം നിർമിച്ചിരിക്കുന്ന സ്ഥലം സ്കൂളിനായി വാങ്ങിയതും ബഹു. ബോർജിയ അച്ചന്റെ കാലത്താണ്.

ഹിന്ദു-ക്രിസ്ത്യൻ- മിസ്ലീം എന്ന യാദൊരു വ്യത്യാസവും ഇല്ലാതെ ചപ്പാത്ത്, കരിച്ചൽ, ചാവടി മുതൽ തീരപ്രദേശങ്ങളായ അടിമലതുറ, പുല്ലുവിള,പള്ളം,പുതിയതുറ, കരുംകുളം എന്നിവിടങ്ങളിൽ നിന്നും അക്ഷരാഭ്യാസം നേടുന്നതിനായി ധാരാളം കുട്ടികൾഎത്തിയിരുന്നു. 1991- ൽ കേരളത്തിൽ ഹൈയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കാൻ ഗവർൺമെന്റ് നയപരമായ തീരുമാനമെടുത്തു. അന്നത്തെ വികാരിയായ റവ. ഫാ. ജോസഫ് ആറാട്ടുകുളത്തിന്റെയും ഇടപെടൽകൊണ്ട് ഹൈസ്കൂളിന്റെ ഹൈയർസെക്കണ്ടറിയായ് ഉയർത്തി . ഇക്കാലത്തെയളവുകളിൽ നമ്മുടെ വിദ്യാലയത്തിന്റെ പ്രധമാദ്ധ്യാപികരായി സേവനമനുഷ്ഠിച്ചിരുന്ന നാടിന്റെ സ്നേഹവും ആദരവും നേടിയ നമ്മുടെ പ്രിയപ്പെട്ട മോസസ് പെരേര അച്ചൻ,ഡാനിയൽ സർ, തങ്കം ടീച്ചർ, ഉഷ ടീച്ചർ, പ്രസന്നകുമാരി ടീച്ചർ എന്നിവരുടെയും വിവിധ കാലഘട്ടങ്ങളിൽ അദ്ധ്യാപകരായി സേവനം ചെയ്ത അദ്ധ്യാപകരുടെയും ദീർഘവീക്ഷണവും അർപ്പണബോധവും ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ എടുത്തുപറയേണ്ട വസ്തുതയാണ്. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പ്രശസ്തിയാർജിച്ച ഒത്തിരിയേറെ മഹത് വ്യക്തികൾ,സ്ഥാന ഭരണരംഗത്തും നീതിന്യായ രംഗത്തും ,വ്യക്തിമുദ്ര പതിപ്പിച്ചവർ ,രാജ്യരക്ഷാരംഗത്ത് നിസ്തുല സേവനമനുഷ്ഠിച്ചവർ ,നിരവധി അധ്യാപകശ്രേഷ്ഠർ ,ആത്മീയരംഗത്ത് നിറസാന്നിദ്ധ്യമായ വൈദീകർ, കന്യാസ്ത്രീകൾ, പോലീസ് ഓഫീസർ തലത്തിൽ കഴിവ് തെളിയിച്ചവർ, കായികരംഗത്ത് അന്താരാഷ്ട്ര ശ്രദ്ധ നേടിയവർ, ദൃശ്യമാധ്യമരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചവർ,രാഷ്ട്രീയരംഗത്ത് ശ്രദ്ധയാകർഷിച്ചവർ, ഡോക്ടർമാർ, എൻജിനിയന്മാർ, എന്നീ സമസ്ത മേഖലയിലും പ്രാവിണ്യം തെളിയിച്ച ഒത്തിരിയേറെ വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കരുംകുളം തീരദേശപന്ജായത്തിന്റെ വിദ്യാഭ്യാസ സാമൂഹീക – സാംസ്കാരീക വളർച്ചയിൽ പ്രശോഭിക്കുന്ന ഒരു വെള്ളിനക്ഷത്രമായ നിലകൊള്ളുന്ന ഈ വിദ്യലയം കടലിനോട് മല്ലടിച്ച് ജീവിതം പുലർത്തുന്ന ഒരു ജനതയുടെ അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും കണ്ണീരിന്റെയും ഫലമാണെന്നത് അങ്ങേയറ്റം ചാരിതാർത്ഥ്യത്തിന് വക നൽകുന്നതാണ്.

റവന്യൂ ജില്ല

തിരുവനന്തപുരം

വിദ്യാഭ്യാസജില്ല

നെയ്യാറ്റിൻകര

ഉപജില്ല

നെയ്യാറ്റിൻകര

പ്രഥമ. അദ്ധ്യാപിക

പ്രമീള ഫോർഗോഡ്. എ

പി. ടി. എ പ്രസിഡന്റ്

ബോസ്കോ വിൻസെന്റ്

എം. പി. ടി. എ പ്രസിഡന്റ്

മിനി

# എന്റെ ഗ്രാമം

അതിവിശാലവും അതിമനോഹരവും പച്ചപ്പും നിറഞ്ഞു തുളുമ്പുന്ന ഒരു കൊച്ചു ഗ്രാമം.അവിടെയാണ് എന്റെ വീട്.നിറയെ പൂക്കളും ആകാശത്തോളം ഉയർന്നുനിൽക്കുന്ന തെങ്ങും പിന്നെ ഒത്തിരി വീട്ടുമൃഗങ്ങളും മനുഷ്യരാലും തിങ്ങിപ്പാർക്കുന്ന എന്റെ കൊച്ചു ഗ്രാമം.
പ്രഭാതത്തിൽ ഉണരുമ്പോഴുള്ള കുയിലുകളുടെ മനോഹരമായ കൂ കൂ ശബ്ദങ്ങളും ഉദിച്ചുവരുന്ന സൂര്യന്റെ ചെറുചൂടും ഓരോ ദിവസവും ഓരോ അനുഭവങ്ങളാണ്.മാത്രമല്ല അതിവിശാലമായ കടലും കടലിലേക്ക് ഒഴുകുന്ന ചെറുപുഴയും എന്നും എന്റെ ഗ്രാമത്തിന്റെ ഭംഗി കൂട്ടുകയാണ്. എവിടെ നോക്കിയാലും പരസ്പരം കാറ്റിനെ ലക്ഷ്യമാക്കി ആടുന്ന ചെറുമരങ്ങളും ഒരുമയോടെ പറന്നു ഉയരുന്ന ചെറു കുരുവിക്കൂട്ടങ്ങളും.ഇളംക്കാറ്റുമെല്ലാം ഗ്രാമത്തിന്റെ ഓരോ തനിമയാർന്ന കാഴ്ചയാണ്.ഇതൊക്ക കൊണ്ട് സമ്പന്നമാണെങ്കിലും എന്റെ ഗ്രാമത്തിന്റെ ചിലയിടങ്ങളിൽ പ്രകൃതിയുടെ സൗന്ദര്യത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന മാലിന്യ കൂമ്പാരങ്ങളും ഇന്ന് എന്റെ ഗ്രാമത്തിന്റെ ഒരു ഭാഗമായി മാറികൊണ്ടിരിക്കുന്നു.ഒരു വിഭാഗം ആളുകൾ പ്രകൃതിയെ ചെടികളാലും, പൂക്കളാലും മനോഹരമാക്കി കൊണ്ടിരിക്കുമ്പോൾ മറ്റൊരു വിഭാഗം ആളുകൾ പ്രകൃതിയെ മാലിന്യങ്ങളാൽ അശുദ്ധമാക്കികൊണ്ടിരിക്കുകയാണ്.

അങ്ങനെയിരിക്കെ മനുഷ്യരുടെ ഇത്തരത്തിലുള്ള പ്രകൃതി വിരുദ്ധമായ പ്രവൃത്തികളെ തടയാനായി ഗ്രാമത്തിലുള്ള മേരിയും അവളുടെ കൂട്ടുക്കാരും മുൻകൈ എടുത്തു മുന്നോട്ടുവന്നു. അങ്ങനെ അവർ ഒരുമയോടെ രണ്ടു കൂട്ടമായി പിരിഞ്ഞ് ഗ്രാമത്തിലുള്ള ഓരോ വീടുകളിലും ചെന്ന് അവർ പ്രകൃതിയുടെ തനതായ മനോഹാരിതയെ എങ്ങനെ സംരക്ഷിക്കണമെന്ന് പറഞ്ഞു കൊടുക്കുകയും പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഇത്തരം വസ്തുക്കളെ എങ്ങനെ ബഹിഷ്കരിക്കാമെന്ന് ബോധ്യം ഗ്രാമവാസികൾക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്തു.

മേരിയുടെയും കൂട്ടുക്കാരുടെയും ഈ പ്രവൃത്തി കണ്ടു നിന്ന ഗ്രാമത്തിലെ ഒരു വൈദീകൻ അവരുടെ കുഞ്ഞുമനസ്സിലെ പ്രകൃതിയുടെയും അതിന്റെ സംരക്ഷണത്തിന്റെയും മാഹാത്മ്യം ഗ്രാമത്തിലെ എല്ലാവർക്കും മനസ്സിലാക്കികൊടുത്ത അവരെ അഭിനന്ദിക്കുകയും ചെയ്തു. അവരുടെ ഈ പ്രവൃത്തി എല്ലാവർക്കും പ്രചോദനമാക്കാൻ വേണ്ടി മേരിയേയും കൂട്ടുകാരെയും ഗ്രാമത്തിലെ എല്ലാവർക്കും മുന്നിൽ വച്ച് പ്രശംസിക്കുകയും അവരുടെ നല്ല മനസ്സിന് ഒരു കുഞ്ഞു സമ്മാനം നൽകി അവരുടെ നല്ല പ്രവൃത്തിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു . ഗ്രാമത്തിലെ എല്ലാവർക്കും തങ്ങളുടെ ഇടപെടൽ കാരണം പ്രകൃതിയുടെ തനതായ ഭംഗിയെ നശിപ്പിക്കരുത് എന്ന ഗുണപാഠം പകർന്ന് കൊടുത്ത മേരിയും കൂട്ടുക്കാരും ഒത്തിരി സന്തോഷത്തോടെ അവർ അവരുടെ കൊച്ചു ഗ്രാമത്തിൽ ജീവിച്ചു.

# ഹൃദയനൊമ്പരം

നിന്നെ ഒന്നു കാണാനായി
എത്ര കൊതിക്കുന്നു.
ദൂരെ നിന്നു കാണുമ്പോൾ എൻ
ഹൃദയം പിടയുന്നത് നിയറിയില്ലേ

വസന്തത്തോടർഥിച്ചതു വെറുതെയായില്ല നിൻ
കണ്ണുകളിൽ ഞാൻ എന്നെ തന്നെ കാണുന്നു
ഒരു പൂവും കൊഴിയാതെ നിൻ
ഓർമ്മകളായി ഞാനിതാാാ.....

നീറും ഈ മണ്ണിൽ നിന്നെ
കാത്തിരുന്നു ഞാൻ നിൻ
മൃദുമൊഴികൾ കേൾക്കാനായി
എൻ ഹൃദയം തുടിക്കുന്നു

തന്നരുൾകെനിക്കു
വീണ്ടും സഫലജന്മം
ജനലാഴി പിടിചൊട്ടു നിൽക്കട്ടെ നീയെ
ന്നണിയത്തുതന്നെ നിൽക്കുന്നുവെന്നൊരു
തോന്നൽ

എന്നോ പഴകിയോരോർമ്മകൾ
മാതിരി നിന്നു വിറക്കുമീയേക്കാ
ന്തതാരകളെ ഞാനൊന്നു
കണ്ടോട്ടെ

ഓരോ നിറുകൊണ്ടു നേരമളന്നും
ഓരോ രവം കൊണ്ടു രൂപമറിഞ്ഞും
ഓരേ മരുന്നുകളിലന്തികളിഴഞ്ഞും
ഒരു കരസ്പർശത്തി,ലൊരു

തേർത്ത തേങ്ങലിരവിൻ
വ്രണങ്ങളിൽ കുളിരുചുറഞ്ഞും
കുഴയുമീ നാളുകളി,ലൊച്ചയുണ്ടാക്കാതെ
വരുന്നുവെന്നോ

# TRUE FRIENDSHIP

Once upon a time in a bustling fruit market, there was a small,sheerful kanana named Benny and a big,pompous apple named antheer.Benny loved to make people smile with his silly jakes and sunny disapasition while althun strubled around the market, bastling about his size and perfection

one sunny day,a mischievous squirrel named sammy decided to play a prank an antheer.While antheer was busy bragging to the other fruits about his greatness,sammy quitly rolled him swany from the display and hid him behind a stack of crates. Meanwhile, Benny noticed antheer's absence and became warried.Determined to find his friend he embarked an a mission through the market,asking every fruit and vegetable if they had seen antheer. Along the way,Benny's infectious optimism and kindness touched the hearts of all he encountered .

Finally ,after much searching ,Benny stumbled upon anthur hidden behind the crates, looking another deflated. Which arhuckle, Benny helped anthur back to this display ,where the big apple sheepshily admitted the maybe had been a bit too full of himself . Grateful for Benny's help and humpled by the experience ,Antheer replagized for his arragance and thanked Benny for being such a good friend , from that day an , the two fruits became insepanable , teaching each other valuable lessons about humidity , friendship _and the importance of sering the beauty in everyone. No matter their size an shape . And they lived hoppily ever after in the bustling fruit market , speading joy and kindness Wherever they went .

# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ
എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി
എന്നോ നെയ്ത് കൂട്ടിയ സ്വപ്നം –
ഇന്നും ഒരു പൊൻതൂവലായി
പ്രഭ ചൊരിയാതെ നിലക്കൊള്ളുന്നു.
സ്വപ്നമേ ! നിന്നെയാരും കാണാതെ
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വിണ്ടുമൊളിപ്പിച്ചോട്ടെ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ.

# QUOTES OF SILENCE

* "In the silence find your strenght, for it speaks volumes."
  -Esther george

* "Silence is not empitness; It's canvas for your inner masterpiece."-

* "Embrace the power of silence; It holds the wisdom of a thousand words."

* "In the quietude of silence, lies the clarity of purpose."

* "let silence be your quide, for within it lies the melody of your soul."

* "Silence isn't absence; It's the presence of porfound potential."

* "In the stillness of silence,dislove the symphony of your thought."

* "Find solace in silence, for it whispers the secrels of serenity .